# പിന്നോക്ക വികസന കോർപ്പറേഷനിൽ

# വഴിവിട്ട നിയമനം

പ്രീതി ജെയിംസ്

കേരളത്തിൽ പിന്നോക്ക വികസന കോർപ്പറേഷൻ എന്നൊരു സ്ഥാപനം നിലവിലുണ്ട്. പാവപ്പെട്ട പിന്നോക്കവർഗ്ഗക്കാരുണ്ടെങ്കിൽ അവർക്ക് തൊഴിലുകൾക്കും ജീവിതവികസനത്തിനും വീടുവയ്ക്കുന്നതിനും മറ്റും പലതരം സാമ്പത്തികസഹായം നൽകലാണ് ഈ കോർപ്പറേഷൻെറ ദൗത്യം. എന്നാൽ ആ ദൗത്യം സത്യസന്ധമായി നടക്കുന്നുണ്ടോ എന്നാണ് സംശയം!

കോർപ്പറേഷൻെറ ബാല്യകാലത്തിൽ അന്നത്തെ മന്ത്രിസഭ ഏതാനും താൽക്കാലിക ജീവനക്കാരെ വിദ്യാഭ്യാസയോഗ്യതയുടെ അടിസ്ഥാനത്തിൽ നിയമിച്ചു. വർഷങ്ങളോളം കുറഞ്ഞ വേതനത്തിൽ അവർ പണിയെടുത്തു. ഈ കോർപ്പറേഷനൊരു സ്വന്തമായ വിലാസം ഉണ്ടാക്കിക്കൊടുത്തു. ആരോടും പരിഭവമില്ലാതെ ആ ജീവനക്കാർ ഇന്നല്ലെങ്കിൽ നാളെ ജോലി സ്ഥിരപ്പെടുത്തുമെന്നും അതില്ലെങ്കിൽ തന്നെ താൽക്കാലികക്കാരായിട്ടെങ്കിലും കഴിയാനാവുമെന്നും കരുതി. എന്നാൽ ഭരണം മാറി. നാലുവർഷം ചുവപ്പുനാടയുടെ കീഴിൽ കോർപ്പറേഷൻ ഇഴഞ്ഞുനീങ്ങി. പെട്ടെന്നൊരു സുപ്രഭാതത്തിൽ താൽക്കാലികജീവനക്കാരെ മുഴുവനായി പിരിച്ചുവിടാൻ തീരുമാനിച്ചു പാവങ്ങളുടെ ഗവൺമെൻറ്.

ഈ തീരുമാനത്തിനുപിന്നിൽ പഴയവരെ മാറ്റി ആ സ്ഥാനത്തു തങ്ങളുടെ ആൾക്കാരെ അവരോധിക്കണം എന്ന ഉദ്ദേശ്യമേ ഉണ്ടായിരുന്നുള്ളൂ. എംപ്ലോയ്മെൻറ് വഴി പ്രൈവറ്റ് ഏജൻസിയെ കൊണ്ട് പേരിന് ഒരു പരീക്ഷ നടത്തി അതിൽ പല തിരിമറികളും നടത്തി സ്വന്തപ്പെട്ട കുറേപ്പേരെ ജോലിക്കു കയറ്റി. അതുകൂടാതെ ഇല്ലാത്ത ക്ലാസ്സ് ഫോർ ജീവനക്കാരുടെ തസ്തികകൾ കൂട്ടി അതിലും തങ്ങളുടെ ആളുകളെ കയറ്റി. പുതിയ നിയമനം പി.എസ്.സി. വഴിയല്ലാതെ എംപ്ലോയ്മെൻറ് വഴിയായിരുന്നു. എന്നിട്ടും ആ ജീവനക്കാരെ വേഗം സ്ഥിരപ്പെടുത്തിയിരിക്കുന്നു. പി.എസ്.സി. റാങ്കലിസ്റ്റു പ്രകാരം തൊഴിലും കാത്തിരിക്കുന്ന അനേകായിരം പാവങ്ങളുടെ ഭാവി ഒരു പന്തുപോലെ തട്ടിനീക്കി വേണ്ടപ്പെട്ടവരെ കയറ്റാൻ ഗവൺമെൻറിന് എന്തൊരു ചങ്കറ്റം!